

# ഖുർആൻ ബോധനം **648**

എ.വൈ.ആർ

### സൂറ-16

# അന്നഹ്ൽ

وَقِيلَ لِلَّذِينَ اتَّقَوْا مَاذَا أَنزَلَ رَبُّكُمْ ۚ قَالُوا خَيْرًا ۗ لِّلَّذِينَ أَحْسَنُوا فِي
هَٰذِهِ الدُّنْيَا حَسَنَةٌ ۚ وَلَدَارُ الْآخِرَةِ خَيْرٌ ۚ وَلَنِعْمَ دَارُ الْمُتَّقِينَ ﴿٣٠﴾

**30** മറുവശത്ത് ദൈവഭക്തന്മാരോട്, നിങ്ങളുടെ വിധാതാവ് അവതരിപ്പിച്ചിട്ടുള്ളതെന്താണെന്ന് ചോദിക്കുമ്പോൾ അവർ മറുപടി നൽകുന്നു: അവൻ അവതരിപ്പിച്ചത് നന്മയാകുന്നു. സുകൃതർക്ക് ഇഹലോകത്തു തന്നെ നന്മയുണ്ട്. എന്നാൽ കൂടുതൽ വിശിഷ്ടം പരലോകഭവനമാകുന്നു. അല്ലാഹുവിനോടു ഭയഭക്തിയുള്ളവരായി വാഴുന്നവരുടെ ഗേഹം അതിശ്രേഷ്ഠം തന്നെ.

جَنَّاتُ عَدْنٍ يَدْخُلُونَهَا تَجْرِي مِن تَحْتِهَا الْأَنْهَارُ ۖ لَهُمْ فِيهَا مَا يَشَاءُونَ ۚ
كَذَٰلِكَ يَجْزِي اللَّهُ الْمُتَّقِينَ ﴿٣١﴾

**31** അവർ നിത്യവാസത്തിനുള്ള ആരാമങ്ങളിൽ പ്രവേശിക്കുന്നു. അവക്കു താഴെ ആറുകളൊഴുകിക്കൊണ്ടിരിക്കും. അവരിഛിക്കുന്നതൊക്കെയും അവിടെ ലഭിക്കുന്നു. അല്ലാഹുവിൽ വിശ്വസിച്ച് അവന്റെ വിധിവിലക്കുകൾ പാലിച്ചു ജീവിക്കുന്നവർക്ക് അല്ലാഹു ഇപ്രകാരം കർമഫലം സമ്മാനിക്കുന്നു.

الَّذِينَ تَتَوَفَّاهُمُ الْمَلَائِكَةُ طَيِّبِينَ ۙ يَقُولُونَ سَلَامٌ عَلَيْكُمُ ادْخُلُوا الْجَنَّةَ
بِمَا كُنتُمْ تَعْمَلُونَ ﴿٣٢﴾

**32** ജീവിത ശുദ്ധിയുള്ളവരായ അവസ്ഥയിൽ മരിപ്പിക്കുന്നവരെ മലക്കുകൾ അഭിവാദ്യം ചെയ്യുന്നു: നിങ്ങൾക്കു സമാധാനം! നിങ്ങൾ ചെയ്ത കർമങ്ങളുടെ ഫലമായ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക!!

هَلْ يَنظُرُونَ إِلَّا أَن تَأْتِيَهُمُ الْمَلَائِكَةُ أَوْ يَأْتِيَ أَمْرُ رَبِّكَ ۚ
كَذَٰلِكَ فَعَلَ الَّذِينَ مِن قَبْلِهِمْ ۚ وَمَا ظَلَمَهُمُ اللَّهُ وَلَٰكِن كَانُوا أَنفُسَهُمْ
يَظْلِمُونَ ﴿٣٣﴾

**33** മലക്കുകൾ വന്നെത്തുകയോ അല്ലെങ്കിൽ വിധാതാവിന്റെ തീരുമാനം നടപ്പിലാവുകയോ ചെയ്യുകയല്ലാതെ ഇക്കൂട്ടർക്കിനി മറ്റെന്താണ് കാത്തിരിക്കാനുള്ളത്? അവർക്കു മുമ്പും അനേകം ജനങ്ങൾ ഇത്തരം അവിവേകങ്ങൾ പ്രവർത്തിച്ചിട്ടുള്ളതാകുന്നു. അനന്തരം അവർക്കു സംഭവിച്ചിട്ടുള്ളതൊന്നും അല്ലാഹു അവരോടതിക്രമം ചെയ്യുകയായിരുന്നില്ല. പിന്നെയോ അവരോടതിക്രമം ചെയ്യുന്നത് അവർ തന്നെയാകുന്നു.

فَأَصَابَهُمْ سَيِّئَاتُ مَا عَمِلُوا وَحَاقَ بِهِم مَّا كَانُوا
بِهِ يَسْتَهْزِئُونَ ﴿٣٤﴾

**34** സ്വന്തം നടപടികളുടെ ദുഷ്ഫലങ്ങൾ അവരെ ബാധിച്ചു. അവർ പരിഹസിച്ചിരുന്നതെന്തിനെയായാണോ, അതുതന്നെ അവരെ കീഴടക്കി.

وَقِيلَ= പറയപ്പെട്ടു(ചോദിക്കുമ്പോൾ) لِلَّذِينَ ٱتَّقَوْا= ദൈവഭക്തന്മാരായവരോട്
مَاذَآ أَنزَلَ رَبُّكُمْ= നിങ്ങളുടെ വിധാതാവ് അവതരിപ്പിച്ചിട്ടുള്ളത് എന്താണ്(എന്ന്) قَالُوا= അവർ(മറുപടി നൽകുന്നു)പറഞ്ഞു
خَيْرًا= (അവൻ അവതരിപ്പിച്ചത്)നന്മയാകുന്നു لِّلَّذِينَ أَحْسَنُوا= സുകൃതർക്കുണ്ട് فِى هَٰذِهِ ٱلدُّنْيَا= ഈ ലോകത്തു(തന്നെ)
حَسَنَةٌ= നന്മ وَلَدَارُ ٱلْءَاخِرَةِ= പരലോകഭവനമാകുന്നു خَيْرٌ= (കൂടുതൽ) വിശിഷ്ടം وَلَنِعْمَ= അതിശ്രേഷ്ഠം തന്നെ
دَارُ ٱلْمُتَّقِينَ= (അല്ലാഹുവിനോട്) ഭയഭക്തിയുള്ളവരുടെ(രായി വാഴുന്നവരുടെ) ഗേഹം
جَنَّٰتُ عَدْنٍ= നിത്യവാസത്തിനുള്ള ആരാമങ്ങൾ(ളിൽ) يَدْخُلُونَهَا= അവർ അതിൽ പ്രവേശിക്കുന്നു تَجْرِى= ഒഴുകുന്നു
مِن تَحْتِهَا= അവക്കുതാഴെ ٱلْأَنْهَٰرُ= ആറുകൾ لَهُمْ فِيهَا= അതിൽ അവർക്കുണ്ട്(ലഭിക്കുന്നു)
مَا يَشَآءُونَ= അവർ ഇഛിക്കുന്നത്(ഒക്കെയും) كَذَٰلِكَ= ഇപ്രകാരം يَجْزِى ٱللَّهُ= അല്ലാഹു(കർമഫലം) സമ്മാനിക്കുന്നു
ٱلْمُتَّقِينَ= തഖ്‌വയുള്ളവർക്ക്(അല്ലാഹുവിൽ വിശ്വസിച്ച് അവന്റെ വിധിവിലക്കുകൾ പാലിച്ചു ജീവിക്കുന്നവർക്ക്)
ٱلَّذِينَ تَتَوَفَّىٰهُمُ ٱلْمَلَٰٓئِكَةُ= മലക്കുകൾ മരിപ്പിക്കുന്നവർ(ന്നവരെ) طَيِّبِينَ= ശുദ്ധന്മാരായി(ജീവിതശുദ്ധിയുള്ളവരായ അവസ്ഥയിൽ)
يَقُولُونَ= അവർ പറയും(അഭിവാദ്യം ചെയ്യുന്നു) سَلَٰمٌ عَلَيْكُمُ= നിങ്ങൾക്കു സമാധാനം ٱدْخُلُوا= നിങ്ങൾ പ്രവേശിച്ചുകൊള്ളുക
ٱلْجَنَّةَ= സ്വർഗത്തിൽ بِمَا كُنتُمْ تَعْمَلُونَ= നിങ്ങൾ ചെയ്തതിന്റെ (കർമങ്ങളുടെ) ഫലമായ
هَلْ يَنظُرُونَ= അവർ നോക്കുന്നുണ്ടോ(കാത്തിരിക്കാനുള്ളത്) إِلَّآ أَن تَأْتِيَهُمُ ٱلْمَلَٰٓئِكَةُ= മലക്കുകൾ അവർക്കു വന്നെത്തുകയല്ലാതെ(മറ്റെന്താണ്)
أَوْ يَأْتِىَ أَمْرُ رَبِّكَ= അല്ലെങ്കിൽ നിന്റെ വിധാതാവിന്റെ തീരുമാനം വരിക(നടപ്പിലാവുകയല്ലാതെ)
كَذَٰلِكَ فَعَلَ= ഇപ്രകാരം ചെയ്തു(ഇത്തരം അവിവേകങ്ങൾ പ്രവർത്തിച്ചിട്ടുള്ളതാകുന്നു)
ٱلَّذِينَ مِن قَبْلِهِمْ= അവർക്ക് മുമ്പുള്ളവരായ(അനേകം ജനങ്ങൾ)
وَمَا ظَلَمَهُمُ ٱللَّهُ= (അനന്തരം സംഭവിച്ചിട്ടുള്ളതൊന്നും) അല്ലാഹു അവരോട് അതിക്രമം ചെയ്തിട്ടില്ല وَلَٰكِن= പക്ഷെ, പിന്നെയോ
كَانُوٓا أَنفُسَهُمْ يَظْلِمُونَ= അവർ തന്നെയാണ് അവരോടതിക്രമം ചെയ്യുന്നത് فَأَصَابَهُمْ= അങ്ങനെ അവരെ ബാധിച്ചു
سَيِّـَٔاتُ مَا عَمِلُوا= അവർ പ്രവർത്തിച്ചതിന്റെ തിന്മകൾ(സ്വന്തം നടപടിയുടെ ദുഷ്ഫലങ്ങൾ)
وَحَاقَ بِهِم= അവരെ വലയം ചെയ്തു(കീഴടക്കി) مَّا كَانُوا بِهِۦ يَسْتَهْزِءُونَ= എന്തിനെയാണോ അവർ പരിഹസിച്ചിരുന്നത് അതു(തന്നെ)

**30,31:** പുറം നാടുകളിൽനിന്ന് മക്കയിലെത്തുന്ന സഞ്ചാരികളിലും തീർഥാടകരിലും മുഹമ്മദ് നബിയെക്കുറിച്ചും ഇസ്‌ലാമിനെക്കുറിച്ചും, അവിശ്വാസവും തെറ്റുധാരണയും സൃഷ്ടിക്കുന്നതിനുവേണ്ടി അഹങ്കാരികളായ ഖുറൈശികൾ കുപ്രചാരണ സംഘങ്ങളെ നിയോഗിച്ചതിനെക്കുറിച്ചും അവർ നേരിടാനിരിക്കുന്ന ഐഹികവും പാരത്രികവുമായ പരിണതിയെക്കുറിച്ചുമാണല്ലോ മുൻസൂക്തങ്ങൾ പറഞ്ഞത്. തുടർന്ന്, നവാഗതർ മുഹമ്മദ് നബിയെക്കുറിച്ചും ഖുർആനിനെക്കുറിച്ചും അല്ലാഹുവിനോട് ഭയഭക്തിയുള്ള വിശ്വാസികളോട് അന്വേഷിച്ചാൽ അവർ നൽകുന്ന മറുപടിയും തൽഫലമായി അവർക്കുണ്ടാകുന്ന ഇഹ-പര നേട്ടങ്ങളും പരാമർശിക്കുകയാണീ സൂക്തങ്ങൾ. ഹജ്ജ് കാലത്തും മറ്റും പല അറേബ്യൻ ഗോത്രങ്ങളും, പ്രവാചകനെക്കുറിച്ചും അദ്ദേഹത്തിന്റെ പ്രബോധനത്തെക്കുറിച്ചും അന്വേഷിച്ചറിഞ്ഞുവരാൻ മക്കയിലേക്ക് പ്രതിനിധി സംഘങ്ങളെ അയക്കാറുണ്ടായിരുന്നു. ഹജ്ജിനും കച്ചവടത്തിനുമായി എത്തുന്നവരും മുഹമ്മദീയ ദൗത്യത്തെക്കുറിച്ച് അന്വേഷിക്കാറുണ്ടായിരുന്നു. ഇവരെ തെറ്റുധരിപ്പിക്കാനാണ് ഖുറൈശികൾ വ്യവസ്ഥാപിതമായി വളണ്ടിയർമാരെ നിയമിച്ചത്. ഇതെപ്പറ്റി ഇമാം സുദ്ദി നിവേദനം ചെയ്തതായി അബൂഹാതിം ഉദ്ധരിക്കുന്നു: ഖുറൈശികൾ സഭകൂടി തീരുമാനിച്ചു: മുഹമ്മദ് വളരെ മധുരഭാഷിയാണ്. അയാളുമായി സംസാരിക്കുന്നവർ അതിൽ വീണതുതന്നെ. നമുക്ക് അറിയപ്പെട്ട തറവാടുകളിൽ അംഗങ്ങളായ കുറെ മാന്യന്മാരെ കണ്ടെത്താം. മക്കയുടെ എല്ലാ പ്രവേശന മാർഗങ്ങളിലും ഒന്നോ രണ്ടോ ദിവസം അവരെ നിയോഗിക്കാം. മുഹമ്മദിനെ അന്വേഷിക്കുന്നവരെ അവൻ അയാളിൽ നിന്നു തടയട്ടെ. അങ്ങനെ കുറച്ചു പേർ എല്ലാ പ്രവേശനമാർഗങ്ങളിലും ചെന്നുനിന്നു. സ്വജനത്തിനുവേണ്ടി മുഹമ്മദിനെകുറിച്ചന്വേഷിക്കുന്നവരെ അക്കൂട്ടത്തിലാരെങ്കിലും കണ്ടാൽ അയാൾ അവരുമായി ബന്ധപ്പെടുകയും ഇങ്ങനെ സംസാരിക്കുകയും ചെയ്യും. ഞാൻ ഇന്ന കുടുംബത്തിലെ ഇന്നയാളുടെ മകനാണ്. തന്റെ വംശ മഹിമ ആഗതനെ ബോധ്യപ്പെടുത്തിയ ശേഷം അയാൾ പറയും: മുഹമ്മദിനെക്കുറിച്ച് നിങ്ങൾക്ക് വേണ്ട വിവരങ്ങൾ ഞാൻ പറഞ്ഞുതരാം. അയാളൊരു പെരുങ്കള്ളനാണ്. മൂഢന്മാരും അടിമകളും ഒന്നിനും കൊള്ളാത്തവരും മാത്രമാണയാളുടെ ഉപദേശങ്ങൾ പിന്തുടരുന്നത്. അയാളുടെ സമുദായത്തിലെ നേതാക്കളും സാത്വികന്മാരുമെല്ലാം അയാൾക്കെതിരാണ്. അന്വേഷകൻ ഇതു കേട്ടു തിരിച്ചുപോകും. ഇതെക്കുറിച്ചാണ് وَإِذَا قِيلَ لَهُم......قَالُوٓا أَسَٰطِيرُ ٱلْأَوَّلِينَ എന്ന സൂക്തം അവതരിച്ചത്.

മറുവശത്ത് സത്യവിശ്വാസികളായ വിവേകശാലികളോടാണ് ആഗതർ പ്രവാചകനെയും അദ്ദേഹത്തിനിറങ്ങിയ വേദത്തെയും കുറിച്ചന്വേഷിക്കുന്നതെങ്കിൽ അവരുടെ മറുപടി ഇങ്ങ

നെയായിരിക്കും: അതിവിശിഷ്ടമായ സന്ദേശമാണ് അല്ലാഹു അദ്ദേഹത്തിന് ഇറക്കിക്കൊടുത്തിരിക്കുന്നത്. നന്മകൾ പ്രവർത്തിച്ചവർക്ക് ഈ ലോകത്തു തന്നെ നന്മകൾ കൈവരും. എന്നാൽ പരലോകത്താണ് കൂടുതൽ നന്മകൾ ലഭിക്കുക. അല്ലാഹുവിൽ വിശ്വസിച്ച് അവനിൽ ഭയഭക്തി പുലർത്തി ജീവിച്ചവർക്കുള്ള ഭവനം അതിവിശിഷ്ടമാകുന്നു. വ്യക്തിയുടെയും സമൂഹത്തിന്റെയും അകവും പുറവും വിചാരവും കർമവും നന്നാക്കുക, അങ്ങനെ അവരുടെ ഇഹവും പരവും സുഖവും സമാധാനവുമുള്ളതാക്കുക ഇതാണ് പ്രവാചകന്റെയും അദ്ദേഹത്തിലൂടെ അവതീർണമായ വിശുദ്ധ ഖുർആനിന്റെയും ലക്ഷ്യം.

ഇവിടെ لِلَّذِينَ اتَّقَوْا എന്നതുകൊണ്ട് വിവക്ഷ സത്യവിശ്വാസികളാണ്. സാധാരണ ഇത്തരം സന്ദർഭങ്ങളിൽ الَّذِينَ آمَنُوا എന്നാണുപയോഗിക്കാറുള്ളത്. ഇവിടെ مؤمن ന് പകരം മുത്തഖിയെ പരാമർശിച്ചത് മുൻസൂക്തങ്ങളിൽ പരാമർശിച്ച متكبرون ന്റെ വിപരീതമായിട്ടാണ്. തഖ്‌വയും തകബ്ബുറും പരസ്പര വിരുദ്ധമാണെന്ന സൂചന കൂടി ഇതിൽ നിന്നു ലഭിക്കുന്നു.

لِلَّذِينَ أَحْسَنُوا- നന്മകൾ ചെയ്തവർക്ക് അല്ലെങ്കിൽ നന്നായവർക്ക് എന്നു പറഞ്ഞതിൽ പ്രഥമ ഗണനീയർ ഖുർആനിനെക്കുറിച്ചും പ്രവാചകനെ കുറിച്ചും നല്ലതു പറയുകയും പ്രചരിപ്പിക്കുകയും ചെയ്ത മുത്തഖികളാണ്. തഖ്‌വയുടെ ഗുണമാണ് -ഇഹ്സാൻ- നന്മ എന്നുകൂടി ഇതു സൂചിപ്പിക്കുന്നു. നന്മ ഉൾക്കൊണ്ടവർക്ക്- മുഹ്സിനുകൾക്ക്- ഈ ലോകത്തുതന്നെ അതിന്റെ സൽഫലമായി വിജയവും സൗഖ്യവുമുണ്ടാകും. സത്യനിഷേധികളായ അഹങ്കാരികൾക്ക് ചില മുഹ്സിനുകളെ അവരുടെ ഇഹ്സാനിന്റെ ഫലം അനുഭവിക്കുന്നതിൽനിന്ന് താൽക്കാലികമായി തടയാൻ കഴിഞ്ഞേക്കും. അത്തരം സന്ദർഭങ്ങൾ ക്ഷമയോടെ നേരിടുന്നതും അവരുടെ ഇഹ്സാൻ ആയി ഗണിക്കപ്പെടുന്നു. മുത്തഖികളുടെ ഇഹ്സാൻ- ദൈവഭക്തന്മാരുടെ നന്മകൾ -മുത്തകബ്ബിറുകളുടെ തക്ദീബ്- അഹങ്കാരികളുടെ തള്ളിപ്പറച്ചിൽ- മൂലം ഇഹ്സാനോ വിജയമോ അല്ലാതാകുന്നില്ല. അതിന്റെ ഫലം പെട്ടെന്ന് അനുഭവിക്കാൻ സാധിക്കാതാവുക മാത്രമേ സംഭവിക്കുന്നുള്ളൂ. ഇഹലോകത്ത് വിലക്കപ്പെട്ട ആ ഫലങ്ങൾ പരലോകത്ത് ശതഗുണീഭവിച്ച് അനുഭവവേദ്യമാവുകയും ചെയ്യും. ക്ഷമയോടെ മുന്നോട്ടുപോയാൽ ഇഹ്സാന്റെ ഫലം ഇഹലോകത്തുതന്നെ ലഭ്യമാക്കുന്നതിന് ചരിത്രത്തിൽ ധാരാളം ഉദാഹരണങ്ങളുണ്ട്. ഇസ്‌ലാമിന്റെ ആദ്യകാല ചരിത്രം ഒരു ഉദാഹരണമാകുന്നു. ഹിജ്റക്ക് ശേഷം മുസ്‌ലിംകൾക്കുണ്ടായ വൻ വിജയങ്ങളിലേക്കുള്ള വ്യക്തമായ സൂചനയാണീ സൂക്തമെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ വിശദീകരിച്ചിട്ടുണ്ട്. പിൽക്കാല ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ചരിത്രത്തിലും ധാരാളം ഉദാഹരണങ്ങൾ കാണാം. ഇഹലോകത്തു തന്നെ അത്തരം മഹത്തായ സൽഫലങ്ങളുണ്ടാകുമെങ്കിൽ പരലോകത്തെ കാര്യം പറയേണ്ടതുണ്ടോ? അതാണല്ലോ യഥാർഥവും ശാശ്വതവുമായ വിജയസൗഭാഗ്യങ്ങളുടെ ഇടം. وَلَنِعْمَ دَارُ الْمُتَّقِينَ എന്നവാക്യം 29-ാം സൂക്തത്തിലെ فَلَبِئْسَ مَثْوَى الْمُتَكَبِّرِينَ (അഹങ്കാരികളുടെ വാസസ്ഥലം എത്ര ദുഷ്ടം) എന്ന വാക്യത്തിന്റെ നേർ വിപരീതമാണ്. അഹങ്കാരികളുടെ വാസസ്ഥലം എപ്രകാരം അറ്റമില്ലാത്ത ദൗഷ്ട്യങ്ങൾ നിറഞ്ഞതാണോ അപ്രകാരം ദൈവഭക്തന്മാരുടെ ഭവനം അറ്റമില്ലാത്ത സുഖസൗഭാഗ്യങ്ങൾ നിറഞ്ഞതുമാകുന്നു.

സ്ഥിരവാസമാണ് عَدْنٍ. ദൈവഭക്തന്മാർക്ക് അല്ലാഹു നൽകുന്ന സ്വർഗത്തെ عَدْنٍ- സ്ഥിരവാസത്തിനുള്ളത് എന്ന് ഖുർആൻ പലയിടത്തും വിശേഷിപ്പിക്കുന്നുണ്ട്. ഭൗതിക സുഖഭോഗങ്ങൾ പോലെ താൽക്കാലികമോ നശ്വരമോ അല്ല സ്വർഗവും അതിലെ സുഖസൗഭാഗ്യങ്ങളും. يَدْخُلُونَهَا അതിൽ അവർ പ്രവേശിക്കുന്നു- എന്നവാക്യം, അവരുടെ സ്വർഗപ്രവേശനം തികഞ്ഞ അന്തസ്സോടെയും അവകാശബോധത്തോടെയും ആയിരിക്കുമെന്ന് ധ്വനിപ്പിക്കുന്നതായും പണ്ഡിതന്മാർ വിശദീകരിച്ചിരിക്കുന്നു. അവരിഛിക്കുന്നതെന്തും അവിടെ അവർക്കു ലഭിക്കും എന്നവാക്യം അതിനെ ബലപ്പെടുത്തുന്നുണ്ട്. അതിൽ അവരുടെ ആഗ്രഹം സാധിക്കാൻ മറ്റാരുടെയെങ്കിലും അനുവാദമോ, സഹായമോ വേണ്ടതില്ല. താഴെ ആറുകളൊഴുകുന്നുവെന്നത് സ്വർഗത്തിന്റെ ഔന്നത്യത്തെയും സസ്യശ്യാമളയതയെയും സമൃദ്ധിയെയും സൗന്ദര്യത്തെയും സൂചിപ്പിക്കുന്നു.

**32:** 28-ാം സൂക്തത്തിലെ ظَالِمِي أَنفُسِهِمْ തങ്ങളോടു തന്നെ അതിക്രമം പ്രവർത്തിച്ചവരായ അവസ്ഥയിൽ- എന്ന വാക്കിന്റെ വിപരീതമായിട്ടാണ് ഇവിടെ طَيِّبِينَ എന്നു പറഞ്ഞിരിക്കുന്നത്. അകവും പുറവും ശുദ്ധമായത് അഥവാ ധാർമികമായും ഭൗതികമായും ശുദ്ധമായത് എന്നർഥമുള്ള طيب ന്റെ ബഹുവചനമാണ് طَيِّبِينَ. ഇമാം റാസി طَيِّبِينَ നെ വിശദീകരിക്കുന്നതിങ്ങനെയാണ്: ധാരാളം അർഥങ്ങളെ സമാഹരിക്കുന്ന ഒരു സംഗ്രഹീത പദമാണിത്. അവരുടെ, അല്ലാഹുവിന്റെ കൽപനകൾ അനുസരിക്കൽ, നിരോധങ്ങൾ വർജിക്കൽ, വിശിഷ്ടമായ സ്വഭാവചര്യകളണിയൽ, നികൃഷ്ട സ്വഭാവങ്ങൾ വെടിയൽ, സദാ അല്ലാഹുവിലേക്കുന്മുഖരായിരിക്കൽ, ആസക്തികളിലും ജഡികസുഖങ്ങളിലും അമിതമായി മുഴുകിപ്പോകാതിരിക്കൽ തുടങ്ങിയ ആശയങ്ങളെല്ലാം അതിൽ പെടുന്നു." അന്ധവിശ്വാസവും വിഗ്രഹാരാധനയും, മാലിന്യവും ദുഷ്ടു-نجس ورجز മാണെന്ന് ഖുർആൻ മറ്റു ചില സ്ഥലങ്ങളിൽ പറയുന്നുണ്ട്. ദൈവഭക്തിയും ഭക്തി പ്രചോദിതമായ കർമങ്ങളുമാണ് طيب. അവനവനോടുള്ള അതിക്രമം അഥവാ അന്ധവിശ്വാസവും അധർമവും അവനവനെ മലിനപ്പെടുത്തലാണ്. സത്യവിശ്വാസവും അതിന്റെ താൽപര്യമായ ജീവിത ചര്യയും ഈ മാലിന്യങ്ങളിൽനിന്ന് മനുഷ്യനെ ശുദ്ധീകരിക്കുന്നു. അങ്ങനെ സംശുദ്ധരായ അവസ്ഥയിൽ അവരുടെ ജീവൻ പിടിച്ചെടുക്കുന്ന മലക്കുകൾ ആത്മാക്കൾക്ക് നിത്യശാന്തി നേർന്നുകൊണ്ടായിരിക്കും അതു ചെയ്യുക. അവർക്ക് മലക്കുകളുടെ മുമ്പിൽ അടിയറവു പറയേണ്ടി വരില്ല. തങ്ങളുടെ കർമങ്ങളെ സ്വയം നിഷേധിക്കേണ്ടതായും വരില്ല. ഭൗതിക ജീവിതത്തിലെ കർമങ്ങൾ സ്വർഗത്തിൽ സർവസ്വാതന്ത്ര്യങ്ങളോടു കൂടിയുള്ള അവകാശം അവർക്കു നേടിക്കൊടുത്തിരിക്കും. മരണവേളയിൽ തന്നെ ഈ സൗഭാഗ്യങ്ങൾ മലക്കുകൾ ഉറപ്പു നൽകുന്നു. സൂറ *ഫുസ്സിലത്* 30-32 സൂക്തങ്ങളിൽ അത് ഇപ്രകാരം വർണിക്കുന്നുണ്ട്

إِنَّ الَّذِينَ قَالُوا رَبُّنَا اللَّهُ ثُمَّ اسْتَقَامُوا تَتَنَزَّلُ عَلَيْهِمُ الْمَلَائِكَةُ أَلَّا تَخَافُوا وَلَا تَحْزَنُوا وَأَبْشِرُوا بِالْجَنَّةِ الَّتِي كُنتُمْ تُوعَدُونَ ﴿٣٠﴾ نَحْنُ أَوْلِيَاؤُكُمْ فِي الْحَيَاةِ الدُّنْيَا وَفِي الْآخِرَةِ وَلَكُمْ فِيهَا مَا تَشْتَهِي أَنفُسُكُمْ وَلَكُمْ فِيهَا مَا تَدَّعُونَ ﴿٣١﴾ نُزُلًا مِّنْ غَفُورٍ رَّحِيمٍ ﴿٣٢﴾

(ഞങ്ങളുടെ വിധാതാവ് അല്ലാഹുവാണെന്ന് പ്രഖ്യാപി

ക്കുകയും എന്നിട്ടതിൽ അടിയുറച്ചു നിലകൊള്ളുകയും ചെയ്യുന്നവരുടെ മേൽ മലക്കുകൾ ഇറങ്ങുന്നു. അവർ പറയുന്നു: ഭയപ്പെടേണ്ട, ദുഃഖിക്കേണ്ട. നിങ്ങൾക്ക് വാഗ്ദത്തം ചെയ്യപ്പെട്ട സ്വർഗത്തിന്റെ സുവാർത്തയിൽ സന്തുഷ്ടരായിക്കൊള്ളുക. ഭൗതിക ജീവിതത്തിലും പരലോകത്തും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാകുന്നു. അവിടെ നിങ്ങളാഗ്രഹിക്കുന്നതൊക്കെയും ലഭിക്കും. ആവശ്യപ്പെടുന്നതെല്ലാം നിങ്ങൾക്കു കിട്ടും. ഏറ്റം പൊറുക്കുന്നവനും അളവറ്റ ദയാപരനുമായ ആ മഹച്ഛക്തിയിൽ നിന്നുള്ള ആതിഥ്യമത്രെ ഇത്).

**33,34:** മുതകബ്ബിറുകൾ- അഹങ്കാരികളായ സത്യനിഷേധികൾ ഉന്നയിച്ചിരുന്നതായി നേരത്തെ സൂചിപ്പിച്ചിട്ടുള്ള ദുസ്തർക്കങ്ങളിൽ രണ്ടാമത്തേത്, മുഹമ്മദ് സത്യപ്രവാചകൻ തന്നെയാണെങ്കിൽ അയാളോടൊപ്പം അക്കാര്യം സാക്ഷ്യപ്പെടുത്തുന്ന മലക്കുകൾ നമ്മുടെ മുമ്പിൽ വരാത്തതെന്ത്? അയാൾക്ക് ദിവ്യസന്ദേശവും പേറി മലക്കുകൾ വരുന്നത് നമ്മൾ കാണുന്നുപോലുമില്ലല്ലോ എന്നായിരുന്നു. ഈ സംശയത്തിനുള്ള മറുപടിയാണ് പ്രകൃത സൂക്തങ്ങൾ ഉൾക്കൊള്ളുന്നത്. സൂക്തസാരമിതാണ്: സത്യസന്ദേശം അംഗീകരിക്കുന്നതിൽ നിന്നൊഴിഞ്ഞു മാറാനുള്ള ഉപായമായി അവരുന്നയിക്കുന്ന തന്ത്രമായ മലക്കുകളുടെ ആഗമനമല്ലാത്ത ന്യായമായ തെളിവുകളെല്ലാം അല്ലാഹു അവർക്കു നൽകിക്കഴിഞ്ഞിരിക്കുന്നു. ഇനി അവർക്ക് പ്രതീക്ഷിക്കാനുള്ളത് മലക്കുകളുടെ ഇറങ്ങിവരവ് അല്ലെങ്കിൽ അവരെ ഉന്മൂലനം ചെയ്യാനോ, ഉയിർത്തെഴുന്നേൽപിക്കാനോ ഉള്ള അല്ലാഹുവിന്റെ കൽപനമാത്രമാകുന്നു. പ്രവാചകന്മാർക്ക് സാക്ഷി പറയാനായി മലക്കുകളെ അയക്കുന്ന ഏർപ്പാട് അല്ലാഹുവിനില്ല. മലക്കുകൾ ഇറങ്ങുന്നത് ഒന്നുകിൽ വ്യക്തികളെ മരിപ്പിക്കാനായിരിക്കും. അല്ലെങ്കിൽ അവരെ കൂട്ടത്തോടെ ശിക്ഷിക്കാൻ. അതിനായി മലക്കുകൾ ഇറങ്ങി വന്നാൽ പിന്നെ അവർക്ക് സത്യം അംഗീകരിക്കാനോ ജീവിതം സംസ്കരിക്കാനോ സാവകാശമുണ്ടായിരിക്കുന്നതല്ല. പണ്ടുള്ള പല ധിക്കാരി സമൂഹങ്ങളും സ്വന്തം നിലപാടിൽ ഗർവിഷ്ടരായി, ഞങ്ങൾക്ക് മലക്കുകളിറങ്ങണം, അല്ലാഹുവിനെ നേരിൽ കാണണം തുടങ്ങിയ ആവശ്യങ്ങളുന്നയിക്കുക എന്ന അവിവേകം ചെയ്തിട്ടുണ്ട്. അതൊന്നും അല്ലാഹു അംഗീകരിച്ചിട്ടില്ല. സൃഷ്ടികൾക്ക് നിശ്ചയിച്ചിട്ടുള്ള പരീക്ഷണ വ്യവസ്ഥക്കെതിരാണ് അത്തരം ആവശ്യങ്ങൾ. അല്ലാഹുവിന്റെ നടപടി ക്രമങ്ങളെ ചോദ്യം ചെയ്യാനൊരുമ്പെട്ടവരെല്ലാം ഒടുവിൽ കൊടിയ നാശത്തിൽ പതിക്കുകയാണുണ്ടായിട്ടുള്ളത്. തന്റെ സുന്നത്തിനെതിരായ ആവശ്യങ്ങൾ അംഗീകരിക്കാതിരിക്കുന്നത് അല്ലാഹു അവരോട് ചെയ്യുന്ന അനീതിയല്ല; മറിച്ച് അല്ലാഹുവിന്റെ സൃഷ്ടികളായ മനുഷ്യർ അല്ലാഹുവിനോടു ഭക്തിയും വിധേയത്വവും പുലർത്താതെ അവന്റെ ദൂതന്മാരെ ധിക്കരിച്ചുകൊണ്ട് അധർമങ്ങളാചരിക്കുകയും ദൈവദൂതനെ അംഗീകരിക്കാൻ മലക്കുകൾ നേരിട്ടിറങ്ങിവന്ന് സാക്ഷി പറയണമെന്നതുപോലുള്ള, ദൈവിക വ്യവസ്ഥക്കെതിരായ ആവശ്യങ്ങളുന്നയിക്കുകയും ചെയ്യുമ്പോൾ അവരോടു തന്നെ അതിക്രമം ചെയ്തുകൊണ്ടിരിക്കുകയാണ്. ആ അതിക്രമങ്ങളുടെ തിക്തഫലങ്ങൾ ഇന്നല്ലെങ്കിൽ നാളെ അവരെ പിടികൂടുക തന്നെ ചെയ്യും. ഇന്ന് അവർ പരിഹസിച്ചുതള്ളിക്കൊണ്ടിരിക്കുന്ന ഉയിർത്തെഴുന്നേൽപിനും രക്ഷാശിക്ഷകൾക്കുമെല്ലാം അവർ നിസ്സഹായരായി കീഴടങ്ങേണ്ടിയും വരും. ●